(സി) ഇവയുടെ പണി എന്നാണ് ആരംഭിച്ചത്;

(ഡി) ഈ പണികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. പണികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്. യഥാസമയം പൂർത്തിയാകാത്ത പദ്ധതികളുടെ കരാറുകാർക്ക് പിഴ ഈടാക്കൽ, കരാർ അവസാനിപ്പിക്കൽ എന്നീ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും തന്മൂലം കരാറുകാരെക്കൊണ്ട് കാലതാമസം ഒഴിവാക്കി സമയബന്ധിതമാക്കി പണി പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കുന്നു. ടി കാലതാമസം നേരിടുന്ന പണികളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥൻമാരുടെയും കരാറുകാരുടെയും യോഗം വിളിക്കുകയും വിശദമായി ചർച്ച നടത്തി കാലതാമസം ഒഴിവാക്കുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി, സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

"പ്രകൃതിക്ഷോഭം മൂലം ഉണ്ടായ നാശനഷ്ടങ്ങൾ"

*18 [138] ശ്രീ. വി.കെ.സി. മമ്മത് കോയ:

,, രാജു എബ്രഹാം:

,, എ. സി. മൊയ്തീൻ:

,, കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത കാലത്ത് പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടായ നാശനഷ്ടങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അവ വെളിപ്പെടുത്തുമോ;

(ബി) കാലവർഷക്കെടുതികളിൽ ഈ വർഷം എത്ര പേർ മരിച്ചിട്ടുണ്ട്; ഇവരുടെ കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട്;

(സി) കൃഷിനാശം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) വീട് നഷ്ടപ്പെട്ടവർക്കും കൃഷി നശിച്ച കർഷകർക്കും നഷ്ട പരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) 2003-04 വർഷത്തിൽ വരൾച്ചയും കാലവർഷവും മൂലം ആകെ 1,531.79 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം 84 പേർക്ക് ജീവഹാനി സംഭവിക്കുകയും, 13 പേരെ കാണാതാവുകയും, 140 പേർക്ക് പരിക്ക് പറ്റുകയും, 997 വീടുകൾ പൂർണ്ണമായി നശിക്കുകയും, 14129 വീടുകൾക്ക് ഭാഗികമായി നാശനഷ്ടം സംഭവിക്കുകയുമുണ്ടായി.

(ബി) കാലവർഷക്കെടുതിയിൽ ഈ വർഷം 84 പേർ മരിച്ചിട്ടുണ്ട്. ഇവരിൽ പ്രായപൂർത്തിയായവരുടെ ആശ്രിതർക്ക് 50,000 രൂപ വീതവും, കുട്ടികളുടെ ആശ്രിതർക്ക് 15,000 രൂപ വീതവും, പരിക്കേറ്റവർക്ക് അർഹമായ ധനസഹായവും നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ജില്ല തിരിച്ചുള്ള കൃഷിനാശത്തിന്റെ കണക്ക് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഡി) വീട് നഷ്ടപ്പെട്ടവർക്ക് ബന്ധപ്പെട്ട തഹസിൽദാർ മുഖേനയും, കൃഷി നശിച്ച കർഷകർക്ക് പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേനയും ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

'സമാഗമം പരിപാടി'

*19 [139] ശ്രീ. എ. പി. അനിൽ കുമാർ:

,, കെ. എ. ചന്ദ്രൻ:

,, ജോർജ്ജ് ജെ. മാത്യു:

,, എം. പി. ഗംഗാധരൻ:

,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽനിന്ന് തിരിച്ചു വരുന്നവർക്കുവേണ്ടി തിരുവനന്തപുരത്ത് 'സമാഗമം' എന്ന പേരിൽ ഒരു പരിപാടി നടത്തുകയുണ്ടായോ;

(ബി) ഇതോടനുബന്ധിച്ച് എത്തിയ പ്രവാസികൾക്കുവേണ്ടി എന്തെല്ലാം പദ്ധതികൾ പ്രഖ്യാപിച്ചു എന്നും ഇവയിൽ എന്തെല്ലാം നടപ്പാക്കിയെന്നും വ്യക്തമാക്കുമോ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) നടത്തിയിട്ടുണ്ട്.

(ബി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളും അവയിന്മേലുള്ള നടപടികളും അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം I

‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[2-7-2004-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 18 (138) -ന്റെ ഉത്തരം ദയവായി കാണുക.]

2004-ലെ കാലവർഷം മൂലമുണ്ടായ കൃഷിനാശത്തിന്റെ ജില്ലതിരിച്ചുള്ള കണക്ക്

ക്രമ നമ്പർ	ജില്ല	വിസ്തീർണ്ണം (ഹെക്ടറിൽ)	കണക്കാക്കപ്പെട്ട നാശനഷ്ടം (രൂപയിൽ)
1	തിരുവനന്തപുരം	612.264	10,09,55,875
2	കൊല്ലം	2218.334	19,15,82,100
3	ആലപ്പുഴ	58.431	43,97,800
4	പത്തനംതിട്ട	183.768	3,03,10,350
5	കോട്ടയം	62.953	66,99,500
6	ഇടുക്കി	10.707	18,63,350
7	എറണാകുളം	1116.456	16,09,31,800
8	തൃശ്ശൂർ	3883.869	49,39,30,325
9	പാലക്കാട്	8857.254	34,49,98,900
10	മലപ്പുറം	1399.654	22,96,95,000
11	കോഴിക്കോട്	351.529	5,52,80,275
12	വയനാട്	787.362	14,74,58,825
13	കണ്ണൂർ	32.235	12,64,450
14	കാസർകോഡ്	105.387	52,03,175
	ആകെ	19680.20231	1,77,45,71,725

LIBRARY ARCHIVES Kerala Legislative Assembly